(ഇ) സംസ്ഥാന സിവിൽസർവ്വീസ് രൂപീകരണം വിശദമായ ചർച്ചയും കൂടിയാലോചനയും ആവശ്യമായ വിഷയമായതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

### ന്യായാധിപന്മാരുടെ നിയമനം

52 (T 3267) ശ്രീമതി ഗീതാ ഗോപി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ കോടതികളിൽ ന്യായാധിപൻമാരെ നിയമിക്കുന്നത് ആരാണ് ;

(ബി) ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിച്ച് കാലതാമസം കൂടാതെ നിയമനം നടത്തുവാൻ എന്തു സംവിധാനമാണ് നിലവിലുള്ളത് ; അത് സുതാര്യവും ഫലപ്രദവുമാണോ ;

(സി) ന്യായാധിപന്മാരുടെ നിയമനം സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കുന്നതിന് നിയമ നിർമ്മാണം നടത്തുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) കേരള ജുഡീഷ്യൽ സർവ്വീസിലെ മുൻസിഫ്-മജിസ്ട്രേറ്റുമാർ, ഹയർ ജുഡീഷ്യൽ സർവ്വീസിലെ ജില്ലാ ജഡ്ജിമാർ എന്നിവരെ ഹൈക്കോടതി തയ്യാറാക്കുന്ന പാനലിൽനിന്നും സർക്കാരാണ് നിയമിക്കുന്നത്. സബ്ജഡ്ജ്/ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് തസ്തികകളിലേക്ക് മുൻസിഫ് മജിസ്ട്രേറ്റുമാരിൽനിന്നും ഹൈക്കോടതി പ്രൊമോഷൻ നൽകി നിയമിക്കുന്നു.

(ബി) വിജ്ഞാപന തീയതിമുതൽ രണ്ട് വർഷക്കാലയളവിൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം അടിസ്ഥാനപ്പെടുത്തിയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നിയമിക്കപ്പെടുന്നതിനുമുൻപ് രണ്ടുവർഷത്തെ പരിശീലനം നൽകുന്നുണ്ട്. തെരഞ്ഞെടുപ്പിനായി സുതാര്യവും കാര്യക്ഷമവുമായ സംവിധാനം നിലവിലുണ്ട്.

(സി) കാര്യക്ഷമവും സുതാര്യവുമായ തെരഞ്ഞെടുപ്പ് സംവിധാനമുള്ളതിനാലും ഇതുസംബന്ധിച്ച് പരാതികളൊന്നും ഉയരാത്ത സാഹചര്യത്തിലും ന്യായാധിപന്മാരുടെ നിയമനം സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

### ശാസ്ത്ര-സാങ്കേതിക വിദ്യാ വികസനവും കൈമാറ്റവും

53 (3268) ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതിക വികസനം, കൈമാറ്റം എന്നീ രംഗങ്ങളിൽ പുരോഗതി കൈവരിക്കുന്നതിന് പ്രാധാന്യം നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശാസ്ത്ര സാങ്കേതികവിദ്യാ വികസനത്തിന് കേന്ദ്ര സഹായം നേടിയെടുക്കുന്നതിലെ പുരോഗതി വ്യക്തമാക്കാമോ ;

(സി) ശാസ്ത്ര സാങ്കേതിക രംഗത്തിന്റെ വികസനത്തിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശാസ്ത്ര-സാങ്കേതിക വികസനം, കൈമാറ്റം എന്നീ രംഗങ്ങളിൽ പുരോഗതി കൈവരിക്കുന്നതിന് സർക്കാർ കേരള ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വൈവിധ്യമാർന്ന പദ്ധതികളിലൂടെ വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നുണ്ട്.

(ബി) കേന്ദ്ര ശാസ്ത്ര ഗവേഷണ സമിതികളുടെ എല്ലാ പദ്ധതികളിലും നമ്മുടെ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്താനും കേരളത്തിനാവശ്യമായ പദ്ധതികൾ കൊണ്ടുവരാനും കൗൺസിൽ പ്രോത്സാഹനം കൊടുക്കുന്നുണ്ട്. കൗൺസിലിന്റെ അങ്ങനെയുള്ള പദ്ധതികളുടെ ഒരു സംക്ഷിപ്ത രൂപം ഇതോടൊപ്പമുള്ള ബ്രോഷറിൽ കൊടുത്തിട്ടുണ്ട്.

(സി) നിലവിലുള്ള പ്രവർത്തനങ്ങൾക്ക് പുറമേ പുതിയ മൂന്ന് സ്ഥാപനങ്ങളിലൂടെ അടിസ്ഥാന ശാസ്ത്ര ഗവേഷണം, സാങ്കേതികവിദ്യാ കൈമാറ്റം, ശാസ്ത്ര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നൂതന തൊഴിലവസര സാദ്ധ്യതകൾ എന്നിവ പ്രയോഗത്തിൽ കൊണ്ടുവരാൻ 12-ാം പദ്ധതിയിൽ പ്രത്യേക പദ്ധതികളുണ്ട്.

1. ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്
2. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സെന്റർ-സ്റ്റേറ്റ് ടെക്നോളജി ട്രാൻസ്ഫർ
3. സയൻസ് ആന്റ് ടെക്നോളജി ബേസ്ഡ് സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (S&T Based Skill Development Institute)

കൂടാതെ തിരുവനന്തപുരത്തും കോട്ടയത്ത് കുറുവിലങ്ങാട്ടും ഓരോ ശാസ്ത്ര നഗരവും ശാസ്ത്ര ഉദ്യാനവും ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**ഇന്നവേഷൻ കൗൺസിൽ രൂപീകരണം**

**54 (3269)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly